# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5673** **24/05/2017-ൽ മറുപടിയ്ക്ക്**

## മരുന്നുകളുടെ ഗുണനിലവാരപരിശോധന സംവിധാനം

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യ-വകുപ്പിൽ നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

എ) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാ-ണുള്ളത്. ഇവിടെ പ്രതിവർഷം എണ്ണായിരത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാര-മില്ലാത്ത മരുന്നുകൾ 5%-ത്തിൽ താഴെമാത്രമാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം NABL അംഗീകരിച്ച ലാബുകളിൽ പരിശോധി-ച്ചതിനു ശേഷമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മരുന്നുകൾ ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്യുന്നത്. മരുന്ന് പരിശോധന സംവിധാനം വിപുല-പ്പെടുത്തുന്നതിനായി പുതിയ ലബോറട്ടറികൾ (തൃശ്ശൂർ, കോന്നി, കോഴിക്കോട്) നിലവിൽ വരുന്നതി-ലേക്കായുള്ള നടപടികൾ സ്വീകരിച്ചു-വരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്ന-തോടുകൂടി കേരളാ വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്നു ബാച്ചുകളുടെ

ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു.

**ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ?

**ബി)** പുതിയ മരുന്നു പരിശോധനാ ലാബോറട്ടറികളിലേക്ക് ആധുനിക ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി വാർഷിക പദ്ധതിയിൽ തുക വക കൊള്ളിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**